**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2093** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയ ജലപാതയുമായി ബന്ധപ്പെട്ട തൃക്കുന്നപ്പുഴ പാലത്തിന്റെ പുനനിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കൊല്ലം കോട്ടപ്പുറം ദേശീയജലപാതയുമായി ബന്ധപ്പെട്ട് നാവിഗേഷൻ ലോക്ക് പുനർനിർമ്മിക്കുന്നതിനായി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പഴയ പാലം പൊളിച്ചതുമൂലം തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. പഴയപാലം പൊളിച്ചതുമൂലം തദ്ദേശ വാസികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുന്നതിനായി ജങ്കാർ സർവ്വീസ് ഏർപ്പാടാക്കിയിരുന്നു. തുടർന്ന് ഇരുചക്രവാഹനങ്ങൾക്കും കാൽനടയാത്രക്കാർക്കും യാത്ര സുഗമമാക്കുന്നതിനായി നിലവിലുള്ള ചാനലിനു കുറുകെ ഒരു താല്കാലിക ഇരുമ്പുപാലം, ചാനലിലൂടെ ബോട്ടുകൾ കടന്നുപോകുന്നതിന് സാധിക്കത്തക്കവിധം ആവശ്യമായ സമയങ്ങളിൽ ഉയർത്തുവാൻ കഴിയുന്ന രീതിയിൽ നിർമ്മിച്ച് നല്കിയിട്ടുള്ളതുമാണ്.

**(ബി)** നിർദ്ദിഷ്ട പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ഘട്ടങ്ങളിലായി ജില്ലാതലങ്ങളിലും മന്ത്രി തലത്തിലും നടത്തിയ വിവിധ മീറ്റിംഗുകളുടേയും അതിന്റെ തീരുമാനങ്ങളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ മീറ്റിംഗുകളുടേയും അതിന്റെ തീരുമാനങ്ങളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- 31.10.2022 ൽ ശ്രീ. രമേശ് ചെന്നിത്തല എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലം പൊളിക്കുന്നതിന് മുന്നോടിയായി യാത്ര ക്ലേശം പരിഹരിക്കുന്നതിനായി ജങ്കാർ സർവ്വീസ് ട്രയൽ റൺ നടത്തുന്നതിനു തീരുമാനിച്ചിരുന്നു.
- 19.09.2023-ൽ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ശ്രീ. സന്തോഷ് കുമാർ-ന്റെ അദ്ധ്യക്ഷതയിൽ കളക്ടറേറ്റിൽ കൂടിയ യോഗത്തിൽ പാലം പൊളിക്കുമ്പോൾ ഉണ്ടാകുന്ന യാത്രാ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ജങ്കാർ സർവ്വീസ് ഏർപ്പെടുത്തുന്നതിനും, താല്കാലിക ഇരുമ്പുപാലം നിർമ്മിക്കുന്നതിനും ജങ്കാർ ഇറങ്ങിവരുന്ന ഭാരംകൂടിയ വാഹനങ്ങൾക്ക് ഗതാഗത തടസ്സം ഉണ്ടാകാതിരിക്കാൻ ട്രാഫിക്ക് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനും തീരുമാനിച്ചിരുന്നു.
- 07.10.2023 -ൽ ശ്രീ. ശ്രീ.രമേശ് ചെന്നിത്തല എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ അഡ്വ. എ.എം ആരിഫ് എം.പി, ആലപ്പുഴ ജില്ലാ കളക്ടർ, IWAI ഡയറക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ ഇരുചക്രവാഹനങ്ങൾക്ക് കടന്നുപോകാൻ കഴിയുന്ന രീതിയിൽ നിലവിലുള്ള ചാനലിന് കുറുകെ താല്ക്കാലിക ഇരുമ്പുപാലം നിർമ്മിക്കാൻ തീരുമാനമാകുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

- ജലഗതാഗത വകുപ്പിന്റെ ബോട്ടുകളുടെ അറ്റകുറ്റപണികൾ നിർവഹിക്കുന്നതിന് തൃക്കുന്നപ്പുഴയിലെ താൽക്കാലിക പാലം തടസ്സമാകുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും ഗതാഗത വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും 10/10/2024 – ന് യോഗം ചേർന്നിരുന്നു. സ്വകാര്യ വ്യക്തിയോ, സ്ഥാപനങ്ങളോ ബോട്ട് കടത്തി വിടുന്നതിന് താൽക്കാലിക പാലം ഉയർത്തുന്ന അവസരങ്ങളിൽ SWTD ബോട്ടുകളും കടത്തിവിടാമെന്ന് യോഗത്തിൽ തീരുമാനിച്ചിരുന്നു.
- 22.01.2026 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാലത്തിന്റെ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് തീരുമാനിച്ചു.
- കൂടാതെ 25.02.2022, 23.05.2023, 10.10.2023 എന്നീ തീയതികളിൽ ചീഫ് സെക്രട്ടറി, IWAI ഡയറക്ടർ ബന്ധപ്പെട്ട ഉൾനാടൻ ജലഗതാഗത ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന വിവിധ അവലോകന യോഗങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

**(സി)** നിർദ്ദിഷ്ട തീരുമാനങ്ങൾക്ക് അനുസൃതമായി തൃക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പ്രവൃത്തി പൂർണ്ണ തോതിൽ പൂർത്തീകരിക്കുവാൻ കഴിയാത്തതിന്റെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

- 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയം മൂലമുണ്ടായ മണ്ണൊലിപ്പിനെ തുടർന്ന് ജലനിരപ്പ് ഗണ്യമായി ഉയർന്നതിനാൽ കോൺക്രീറ്റ് ബണ്ട് നിർമ്മിക്കേണ്ടിവന്നു.
- പ്രസ്തുത സ്ഥലത്ത് നിലനിന്നിരുന്ന വില്ലേജ് ഓഫീസ്, വോളിബോൾ കോർട്ട് എന്നിവ മാറ്റുന്നതിനും മരങ്ങൾ മുറിച്ചുമാറ്റുന്നതിനുമുണ്ടായ കാലതാമസം.
- കോവിഡ് 19 മഹാമാരി
- ടെർമിനൽ ഭാഗത്ത് ജങ്കാർ ജെട്ടി പ്ലാറ്റ് ഫോം എന്നിവയുടെ നിർമ്മാണം.
- തെക്കുഭാഗത്ത് കോഫർഡാം, വടക്കുഭാഗത്ത് റിംഗ് ബണ്ട് നിർമ്മാണം.
- മണ്ണിന്റെ ദുർബലമായ ഘടന മൂലം U ടൈപ്പ് ഷീറ്റ് പൈലുകൾ ഉപയോഗിച്ച് ഷോറിങ് അധികമായി നടപ്പിലാക്കേണ്ടി വന്നത്.
- ജംഗാർ/ഫെറി സർവ്വീസിന്റെ ലഭ്യതക്കുറവ്.
- തെക്കുപടിഞ്ഞാറൻ മൺസൂൺ സമയത്ത് കൊച്ചി തുറമുഖം വഴി ജംഗാർ എത്തുന്നതിലുള്ള നിയന്ത്രണം.
- ഇരുചക്ര വാഹനങ്ങളുടെ ഗതാഗതത്തിനായുള്ള താത്കാലിക സ്റ്റീൽ പാലത്തിനായി പഞ്ചായത്ത് അധികൃതരും നാട്ടുകാരും നടത്തിയ പ്രതിഷേധം.
- നിലവിലുള്ള പാലം പൊളിക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ ഇടക്കാല വിലക്ക്.
- താൽക്കാലിക സ്റ്റീൽ പാലത്തിന്റെ നിർമ്മാണം.
- കെ.എസ്.ഇ.ബി, കെ.ഡബ്ല്യൂ.എ. ബിഎസ്എൻ തുടങ്ങിയ യൂട്ടിലിറ്റികളും മറ്റ് കേബിൾ നെറ്റ് വർക്ക് സൗകര്യങ്ങളും മാറ്റുന്നതിൽ വന്ന കാലതാമസം.

നിലവിലുള്ള ചാനലിലൂടെ ചെറിയ കപ്പലുകളുടെ ഗതാഗതം തടസ്സപ്പെടാതെ പഴയ പാലം പൊളിക്കുന്നതിനുണ്ടായ താമസം.

നിലവിലുള്ള ചാനലിന്റെ സ്റ്റബിലിറ്റിയെ ബാധിക്കാതെ 1 മീറ്റർ കനമുള്ള RCC ഏപ്രൺ, പ്രീകാസ്റ്റ് RCC പൈലുകൾ എന്നിവ പൊളിക്കേണ്ടി വന്നത്.

തെക്കുപടിഞ്ഞാറൻ മൺസൂൺ.

റിവൈസ്ഡ് എസ്റ്റിമേറ്റിന് ഉൾനാടൻ ജലപാത അതോറിറ്റി (IWAI) -യുടെ അനുമതി ലഭ്യമാകുന്നതിൽ വന്ന കാലതാമസം

**(ഡി)** തൃക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കി തൃക്കുന്നപ്പുഴ ,ആറാട്ടുപുഴ പഞ്ചായത്തുകളിലെ യാത്രാക്ലേശം പരിഹരിക്കാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; കൂടാതെ പാലത്തിന്റെ നിർമ്മാണം 2026 മാർച്ചിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** തൃക്കുന്നപ്പുഴ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡും അതിനുള്ള ലാൻഡ് സ്പാൻ നിർമ്മാണവും മെക്കാനിക്കൽ വിഭാഗത്തിന്റെ ലോക്ക് നിർമ്മാണവുമാണ് പ്രധാനമായും അവശേഷിക്കുന്നത്. ഇതിൽ ലാൻഡ് സ്പാൻ നിർമ്മാണം 32% പൂർത്തിയായിട്ടുണ്ട്, 2026 ഏപ്രിൽ 30-ഓടുകൂടി പൂർണ്ണമായും പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ഓഫീസർ**